**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നിയമ വകുപ്പ്- ബഹു. ഹൈക്കോടതിയിലെ ഗവൺമെന്റ് പ്ലീഡറായ അഡ്വ. എം. രാജീവ്-ന് ഗവൺമെന്റ് പ്ലീഡർ തസ്തികയിൽ പുനർനിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നിയമ (ഇൻസ്പെക്ഷൻ ബി) വകുപ്പ്**

സ.ഉ.(കൈ) നം.48/2025/LAW തീയതി,തിരുവനന്തപുരം, 29-05-2025

---

പരാമർശം:-

1. 03.06.2022 തീയതിയിലെ സ.ഉ.(കൈ)നം.32/2022/നിയമം നമ്പർ ഉത്തരവ്.
2. 19.05.2025 തീയതിയിലെ അഡ്വക്കേറ്റ് ജനറലിന്റെ S.S-GK2/2021/AG നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം (1) പ്രകാരം ബഹു. ഹൈക്കോടതിയിൽ ഗവൺമെന്റ് പ്ലീഡറായി നിയമിതനായ അഡ്വ. എം. രാജീവ് -ന്റെ നിയമന കാലാവധി 03.06.2025 തീയതിയിൽ പൂർത്തിയാകുന്നതാണെന്നും 04.06.2025 തീയതി മുതൽ പ്രാബല്യത്തിൽ ടി അഭിഭാഷകനെ ബഹു. ഹൈക്കോടതിയിൽ ഗവൺമെന്റ് പ്ലീഡറായി പുനർനിയമിക്കണമെന്നും പരാമർശം (2) പ്രകാരം അഡ്വക്കേറ്റ് ജനറൽ ശിപാർശ ചെയ്തിട്ടുള്ളതാകുന്നു.

മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. ബഹു. ഹൈക്കോടതിയിലെ ഗവൺമെന്റ് പ്ലീഡറായ അഡ്വ. എം. രാജീവ് -നെ 04.06.2025 തീയതി മുതൽ പ്രാബല്യത്തിൽ മൂന്ന് വർഷക്കാലയളവിലേയ്ക്കോ അല്ലെങ്കിൽ 60 വയസ്സ് പൂർത്തിയാകുന്നതുവരെയോ ഏതാണോ ആദ്യം അതുവരെ പ്രസ്തുത തസ്തികയിൽ പുനർനിയമിച്ച് ഉത്തരവാകുന്നു.

പ്രസ്തുത അഭിഭാഷകന്റെ നിയമനവും സേവന വേതന വ്യവസ്ഥകളും 1978-ലെ കേരള ഗവൺമെന്റ് ലാ ഓഫീസേഴ്സ് (അപ്പോയിന്റ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആന്റ് കണ്ടക്റ്റ് ഓഫ് കേസസ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്കനുസൃതമായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K G SANAL KUMAR
നിയമ സെക്രട്ടറി

1. അഡ്വ. എം. രാജീവ്, ഗവൺമെന്റ് പ്ലീഡർ, കേരള ഹൈക്കോടതി, എറണാകുളം.

2. അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം.

3. രജിസ്ട്രാർ ജനറൽ, കേരള ഹൈക്കോടതി, എറണാകുളം(ആമുഖ കത്ത് സഹിതം).

4. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ &ഇ), കേരള തിരുവനന്തപുരം.

5. പൊതുഭരണ (എസ്.സി.) വകുപ്പ്. (28.05.2025 തീയതിയിലെ ബഹു.മന്ത്രിസഭാ തീരുമാനം ഇനം നമ്പർ 2989)

6. ജില്ലാ ട്രഷറി ഓഫീസർ, എറണാകുളം

പകർപ്പ്:-

1. ബഹു. മുഖ്യമന്ത്രിയുടെ പി. എസ്.

2. ബഹു. നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രിയുടെ പി. എസ്.

3. നിയമ സെക്രട്ടറിയുടെ പി. എ.

4. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ, ഐ & പി.ആർ.ഡി.

5. നിയമ(ഇൻസ്പെക്ഷൻ ബി)വകുപ്പ് അഡീഷണൽ നിയമ സെക്രട്ടറിയുടെ സി. എ.

6. നിയമ (നോഡൽ) വകുപ്പ്.

7. നിയമ (മോണിറ്ററിങ്) വകുപ്പ്.

8. സ്റ്റോക്ക് ഫയൽ/ ഓഫീസ് പകർപ്പ്.(INS-B1/59/2025-LAW)

ഉത്തരവിൻ പ്രകാരം

Signed by
Sajjad S
സെക്ഷൻ ഓഫീസർ.
Date: 29-05-2025 16:54:19

*രഹസ്യം*

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 28-05-2025**

**ഫയൽ നം. 59/ഇൻസ്പെ.ബി.1/2025/നിയമം.** ഇനം നം: 2989

**വിഷയം** : നിയമ വകുപ്പ് - ബഹു. ഹൈക്കോടതിയിലെ ഗവൺമെന്റ് പ്ലീഡറായ അഡ്വ. എം. രാജീവ്-ന്റെ പുനർനിയമനം.

**തീരുമാനം** : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, നിയമ വകുപ്പ്.

**കേരള സർക്കാർ**

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്** 2989

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | നം.59/ഇൻസ്പെ.ബി.1/2025/നിയമം |
| 2. | വകുപ്പ് | | നിയമ (ഇൻസ്പെക്ഷൻ ബി) വകുപ്പ് |
| 3. | വിഷയം | : | ബഹു. ഹൈക്കോടതിയിലെ ഗവൺമെന്റ് പ്ലീഡറായ അഡ്വ. എം. രാജീവ്-ന്റെ പുനർനിയമനം - സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 26/05/2025 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ, ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ?ഉണ്ടെങ്കിൽ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല<br>ഇല്ല |
| 6. | മറ്റ് ഏതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. എസ്. രാജീവ് |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ. കെ.ജി. സനൽ കുമാർ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 26/05/2025 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | | ഡോ. എ. ജയതിലക് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 27/05/2025 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.പി.രാജീവ് |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 27/05/2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 27/05/2025 |
| 15. | മന്ത്രിസഭായോഗം തീരുമാനം എടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ തീയതി | : | |

**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

ബഹു. ഹൈക്കോടതിയിലെ ഗവൺമെന്റ് പ്ലീഡറായ അഡ്വ. എം. രാജീവ്-ന്റെ പുനർനിയമനം സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. 03-06-2022 തീയതിയിലെ സ.ഉ.(കൈ) 32/2022/നിയമം നമ്പർ ഉത്തരവ് പ്രകാരം അഡ്വ. എം. രാജീവ്-നെ ബഹു. ഹൈക്കോടതിയിൽ ഗവൺമെന്റ് പ്ലീഡർ ആയി മൂന്ന് വർഷക്കാലയളവിലേക്ക് നിയമിച്ചിരുന്നു. അഡ്വ. എം. രാജീവ് 04-06-2022 തീയതിയിൽ ടി ചുമതല ഏറ്റെടുത്തിട്ടുള്ളതും ടിയാന്റെ നിയമന കാലാവധി 03-06-2025 തീയതിയിൽ പൂർത്തിയാകുന്നതുമാണ്. ആയതിനാൽ അഡ്വക്കേറ്റ് ജനറൽ 19-05-2025 തീയതിയിലെ S.S-GK2/2021/AG നമ്പർ കത്ത് മുഖേന അഡ്വ.എം. രാജീവ്-ന്റെ പുനർനിയമനത്തിനായി ശിപാർശ ചെയ്തിട്ടുള്ളതാണ്.

3. ബഹു. ഹൈക്കോടതിയിലെ സർക്കാർ അഭിഭാഷകരുടെ നിയമനം മൂന്ന് വർഷകാലത്തേക്കായിരിക്കുമെന്നും അങ്ങനെ നിയമിക്കുന്ന ഏതൊരു വ്യക്തിയെയും സർക്കാരിന് വീണ്ടും മൂന്ന് വർഷക്കാലത്തേക്ക് പുനർനിയമിക്കാവുന്നതാണെന്നും 1978-ലെ കേരളാ ഗവൺമെന്റ് ലാ ആഫീസേഴ്സ് (അപ്പോയിന്റ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആന്റ് കണ്ടക്റ്റ് ഓഫ് കേസസ് ചട്ടങ്ങളിലെ 6 -ാം ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.

4. ബഹു. ഹൈക്കോടതിയിലെ ഗവൺമെന്റ് ലാ ഓഫീസർമാരെ നിയമിക്കുന്നതും പുനർനിയമിക്കുന്നതും മന്ത്രിസഭായോഗ തീരുമാന പ്രകാരമാണ്.

5. മേൽ സാഹചര്യത്തിൽ, ബഹു. ഹൈക്കോടതിയിലെ ഗവൺമെന്റ് പ്ലീഡർ ആയ അഡ്വ. എം. രാജീവ്-നെ അഡ്വക്കേറ്റ് ജനറലിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ, 1978-ലെ കേരളാ ഗവൺമെന്റ് ലാ ആഫീസേഴ്സ് (അപ്പോയിന്റ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആന്റ് കണ്ടക്ക് ഓഫ് കേസസ് ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം, പ്രസ്തുത തസ്തികയിൽ 04.06.2025 തീയതി പ്രാബല്യത്തിൽ മൂന്ന് വർഷ കാലയളവിലേക്കോ അല്ലെങ്കിൽ 60 വയസ് പൂർത്തിയാകുന്നതുവരെയോ, ഏതാണോ ആദ്യം അതുവരെ, പുനർനിയമനം നൽകാവുന്നതാണോ എന്ന വിഷയം മന്ത്രിസഭായോഗത്തിന് മുമ്പാകെ സമർപ്പിക്കാവുന്നതാണോ എന്നതിൽ ഉത്തരവിനായി ഫയൽ ബഹു. നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തപ്പോൾ ബഹു. നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി ചുവടെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി ഫയൽ ബഹു. മുഖ്യമന്ത്രിക്ക് നൽകിയിരുന്നു, അതായത് :--

"- മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാവുന്നതാണ്. ബഹു. മുഖ്യമന്ത്രി കണ്ടാലും. "

ആയത് ബഹു. മുഖ്യമന്ത്രി 26-05-2025 തീയതിയിൽ അംഗീകരിച്ചിട്ടുള്ളതുമാണ്.

## തീരുമാനിക്കേണ്ട സംഗതി

അഡ്വക്കേറ്റ് ജനറലിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ, ബഹു. ഹൈക്കോടതിയിലെ ഗവൺമെന്റ് പ്ലീഡറായ അഡ്വ. എം. രാജീവ് -ന് പ്രസ്തുത തസ്തികയിൽ, 1978-ലെ കേരളാ ഗവൺമെന്റ് ലാ ആഫീസേഴ്സ് (അപ്പോയിന്റ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആന്റ് കണ്ടക്റ്റ് ഓഫ് കേസസ് ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം 04.06.2025 തീയതി പ്രാബല്യത്തിൽ മൂന്ന് വർഷ കാലയളവിലേക്കോ അല്ലെങ്കിൽ 60 വയസ് പൂർത്തിയാകുന്നതുവരെയോ, ഏതാണോ ആദ്യം അതുവരെ, പുനർനിയമനം നൽകാവുന്നതാണോ ?